**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 120** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂനിയമങ്ങളുടെ സമഗ്ര പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കൃഷി, ഡയറി, വ്യവസായം, ടൂറിസം എന്നീ ആവശ്യങ്ങൾക്കായി ഭൂവിനിയോഗം സാധ്യമാക്കും വിധം സംസ്ഥാനത്ത് ഭൂനിയമങ്ങളുടെ സമഗ്ര പരിഷ്കരണം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിലുള്ള എല്ലാ ഭൂനിയമങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്ന വിഷയം വിവിധ കോടതി വിധികളുടെയും പഠന റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പുന പരിശോധിക്കുന്നതാണ്. സമഗ്രമായ ഭൂമി നിർവഹണ നയം രൂപീകരിക്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

**(ബി)** തോട്ടം ഭൂമിയുടെ സ്വാഭാവികത നിലനിർത്തി ഭൂവിനിയോഗത്തിൽ വൈവിധ്യവൽക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി അവ വ്യാവസായിക ആവശ്യങ്ങൾക്ക് വിട്ടുനൽകുമോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പൊതുഭൂമി സംരക്ഷിക്കുന്നതിനും ഭൂമിയുടെ വിതരണത്തിൽ നീതി ഉറപ്പാക്കുന്നതിനും വ്യാവസായികവും സാമ്പത്തികവുമായ വികസനത്തെ പരിപോഷിപ്പിക്കുന്നതിനും തോട്ടവിളകൾക്കൊപ്പം പ്രാദേശിക വിപണനത്തിനും കയറ്റുമതിക്കും സാധ്യതകളുള്ള വിദേശ പഴങ്ങൾ ഉൾപ്പെടെയുള്ള ഫലവൃക്ഷ കൃഷി പ്രോത്സാഹിപ്പിക്കും വിധം കേരളത്തിന്റെ തോട്ടം മേഖലയിൽ ഭൂവിനിയോഗത്തിന് നിലവിലുള്ള നിയന്ത്രണങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതും തോട്ടഭൂമിയുടെ സ്വാഭാവിക തരം സംരക്ഷിച്ചുകൊണ്ട് വൈവിധ്യം അനുവദിക്കുന്നതിനുള്ള ഭേദഗതികൾ അവതരിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**(സി)** തോട്ടവിളകൾക്കൊപ്പം പ്രാദേശിക വിപണനത്തിനും കയറ്റുമതിക്കും സാധ്യതകളുള്ള വിദേശ പഴങ്ങൾ ഉൾപ്പെടെയുള്ള ഫലവൃക്ഷ കൃഷി പ്രോത്സാഹിപ്പിക്കും വിധം റവന്യൂ നിയമങ്ങളിൽ കാലോചിത പരിഷ്കാരങ്ങൾ കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** വനഭൂമിയുമായും തീരദേശഭൂമിയുമായും ബന്ധപ്പെട്ട് അനുവദിക്കുന്ന പട്ടയങ്ങൾ പൂർണമായും ഉപാധിരഹിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**മറുപടി:** 01.01.1977-ന് മുമ്പ് കയ്യേറിയ വനഭൂമിയിൽ താമസിച്ചുവരുന്നവരുടെ കൈവശത്തിലുള്ള ഭൂമി വനം-റവന്യൂ വകുപ്പുകൾ ചേർന്ന് സംയുക്ത പരിശോധന നടത്തുകയും, തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുകയും ചെയ്തതിനുശേഷമാണ് നിലവിൽ പട്ടയം അനുവദിച്ചുവരുന്നത്. വനസംരക്ഷണ നിയമം 1980-അനുശാസിക്കുന്ന നിബന്ധനകൾ ടി പട്ടയങ്ങൾക്ക് ബാധകമാണ്. ആയതിനാൽ ഇതിൽ മാറ്റം വരുത്തുന്ന കാര്യം വനസംരക്ഷണ നിയമം 1980-ന് വിധേയമായിരിക്കും.

കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 11 (5) പ്രകാരം, കടൽത്തീരത്തിനടുത്ത് സമുദ്രത്തിലെ ഉയർന്ന ജല നിരപ്പിൽ നിന്നും 100 അടിയ്ക്കുള്ളിൽ (30.480 മീറ്റർ) ഉള്ള സ്ഥലങ്ങൾ പതിവിനു വിധേയമല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പരിധിക്ക് പുറത്തുള്ള പട്ടയങ്ങൾ അപേക്ഷകന്റെ അർഹത പരിശോധിച്ച് മറ്റു വകുപ്പുകളുടെ കൈവശമുള്ള ഭൂമികളാണെങ്കിൽ പ്രസ്തുത വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ പതിവിന് വിധേയമല്ലാത്ത ഭൂമിക്ക് പട്ടയങ്ങൾ പതിച്ചു കൊടുക്കുന്നതിന് ചട്ട ഭേദഗതി ആവശ്യമുണ്ട്. കൂടാതെ ചട്ടം 11 (5) നോട്ട് പ്രകാരം സമുദ്ര ജല നിരപ്പിൽ നിന്നും 100 അടിയ്ക്കുള്ളിലുള്ള (30.480 മീറ്റർ) തീരപ്രദേശത്തെ സ്ഥലങ്ങൾ മത്സ്യതൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിലേയ്ക്കും കാറ്റാടി തോട്ടങ്ങൾക്കും സമുദ്രത്തിന്റെ ഉയർന്ന ജലനിരപ്പിൽ നിന്നും 100 യാർഡ് (91.5 മീറ്റർ) പരിധി വിട്ടുള്ള സ്ഥലങ്ങൾ മീനെണ്ണയോ മീൻ വളമോ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ സ്ഥാപിക്കുന്നതിനും താൽക്കാലികമായി പതിച്ചു നൽകാവുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ വനഭൂമിയുമായും തീരദേശഭൂമിയുമായും ബന്ധപ്പെട്ട് അനുവദിക്കുന്ന പട്ടയങ്ങൾ ഉപാധിരഹിതമാക്കുന്ന വിഷയം വിശദമായി പരിശോധിക്കുന്നതാണ്.

**(ഇ)** ഭൂമി തരംമാറ്റ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** സംസ്ഥാനത്ത് കുടിശ്ശികയായിട്ടുള്ള ഭൂമി തരംമാറ്റത്തിനായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താലൂക്കടിസ്ഥാനത്തിൽ ജില്ലാ തല അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**